(ഡി) ഉജ്ജീവന സഹായ പദ്ധതി പ്രകാരം പ്രളയബാധിതരായ കച്ചവടക്കാർക്ക് ബാങ്ക് വായ്പ അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ത്വരിതഗതിയിൽ നടപടി സ്വീകരിക്കുന്നതിന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി

151 (5411) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറികൾ പ്രവർത്തിക്കുന്നതിന് ജില്ലാതല പാരിസ്ഥിതികാനുമതി നൽകാനുള്ള സംവിധാനം നിലവിലില്ലാത്തതുകാരണം ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാരിസ്ഥിതികാനുമതി നൽകാനുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി പിരിച്ചുവിട്ടതുമൂലം ഇതിനായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയും നിർമ്മാണ പ്രവൃത്തികൾക്ക് കരിങ്കല്ല് ലഭിക്കാത്തതുമായ ഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ജില്ലാതല പാരിസ്ഥിതികാനുമതി നൽകാനുള്ള അതോറിറ്റി സംബന്ധിച്ച് കേന്ദ്ര സർക്കാർ അടുത്ത കാലത്ത് എന്തെങ്കിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഈ സമിതി പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവുപ്രകാരം ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയുടെ പ്രവർത്തനം അവസാനിച്ചതുമൂലം പാരിസ്ഥിതികാനുമതിക്കായുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാൻ സാധിക്കാത്ത സഹചര്യം നിലവിലുണ്ട്. പാരിസ്ഥിതികാനുമതിക്കായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ സമിതി (SEIAA) മുൻപാകെ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) പാരിസ്ഥിതികാനുമതി നൽകാനുള്ള ജില്ലാതല അതോറിറ്റി സംബന്ധിച്ച അന്തിമ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ EIA നോട്ടിഫിക്കേഷൻ, 2019-ന്റെ സീറോ ഡ്രാഫ്റ്റ് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ഉദുമ മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റ്**

152 (5412) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സെറിഫെഡിന്റെ കീഴിലുള്ള ഉദുമ മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റിലെ സ്ത്രീ തൊഴിലാളികൾക്ക് എത്ര മാസത്തെ വേതനമാണ് കുടിശ്ശികയായിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ജോലി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവർക്ക് ശമ്പള കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സെറിഫെഡ് എന്ന സ്ഥാപനം പ്രവർത്തനരഹിതമായതിന് ശേഷം ഉദുമ-മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ 20-1-2016 വരെ പ്രവർത്തിച്ചിരുന്നു. സെറിഫെഡ് പുനഃസ്ഥാപിച്ചപ്പോൾ ടി സ്ഥാപനം സെറിഫെഡിന് കൈമാറിയിട്ടുണ്ട്. ഖാദി ബോർഡ് 31-3-2016 വരെയുള്ള വേതനം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഇതേവരെയുള്ള ഉത്സവബത്തയും തൊഴിലാളികൾക്ക് ഖാദി ബോർഡ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തൊഴിലാളികൾ സെറിഫെഡിന് കീഴിലായതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെറിഫെഡിന് നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly